1. കോഴിക്കോട്, കടലുണ്ടി, കുന്നമംഗലം (ബേപ്പൂർ, കോഴിക്കോട് മണ്ഡലം) രണ്ട് സർവ്വീസുകളും കൂടാതെ പൈയ്യടിമെത്തൽ-കുന്നമംഗലവും,(കോഴിക്കോട് മണ്ഡലം)

2. പെരുമുഖം-കോഴിക്കോട് സർവ്വീസും, (ബേപ്പൂർ, കോഴിക്കോട് മണ്ഡലം)

3. നായാടും പൊയിൽ, കോഴിക്കോട് സർവ്വീസും (തിരുവമ്പാടി മണ്ഡലം) ആരംഭിച്ചിട്ടുമുണ്ട്.

തൊട്ടിൽപ്പാലത്ത് 12 സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുമുണ്ട്.

തൊട്ടിൽപ്പാലം-കോഴിക്കോട് ചെയിൻ സർവ്വീസ് 9 എണ്ണവും തൊട്ടിൽപ്പാലം-ബാംഗ്ലൂർ, കുമ്പള ചോല-കണ്ണൂർ, ചൂരണി-വടകര, സർവീസുകൾ നാദാപുരം, മേപ്പയൂർ, പേരാമ്പ്ര, ബാലുശ്ശേരി, വടകര, കോഴിക്കോട് മണ്ഡലങ്ങൾവഴി സർവ്വീസ് നടത്തുന്നുണ്ട്.

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് അനുവദിക്കുന്നതാണ്.

(ഡി) കോഴിക്കോട്, കുളകുത്ത് സർവ്വീസും പായമ്പ്ര-കുന്നമംഗലം-കോഴിക്കോട് സർവ്വീസും മണ്ണാംപൊയിൽ-കോഴിക്കോട് സർവ്വീസും ആരംഭിക്കുവാനുണ്ട്.

ഗുരുവായൂരിൽനിന്നും കാഞ്ഞാണി പെരിങ്ങോട്ടുകരവഴി തൃപ്രയാറിലേക്ക് ബസ് സർവ്വീസ്

161 (611) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂരിൽനിന്നും കാഞ്ഞാണി പെരിങ്ങോട്ടുകരവഴി തൃപ്രയാറിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഗുരുവായൂരിൽനിന്നും രാവിലെ 6.35-ന് കാഞ്ഞാണി, പെരിങ്ങോട്ടുകര, തൃപ്രയാർവഴി എറണാകുളത്തേക്ക് ഒരു ട്രിപ്പ് നിലവിലുണ്ട്.

കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ജോലിഭാരം കുറയ്ക്കാൻ നടപടി

162 (612) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത വകുപ്പിലെ, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ, ജോലിഭാരം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപകടം കുറയ്ക്കാൻ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ദീർഘദൂര സർവ്വീസുകളിൽ രണ്ട് ഡ്രൈവർമാരെവീതം നിയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടുണ്ടാകുന്ന അപകടങ്ങളുടെ നിരക്ക് കുറയ്ക്കുവാനും ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് സ്റ്റാഫ് ട്രെയിനിങ് സെന്ററിലും എറണാകുളം, എടപ്പാൾ തുടങ്ങിയ ഉപസെന്ററുകളിലും പരിശീലനം നൽകിവരുന്നു.

"സെയിഫ് ആന്റ് ഫ്യൂവൽ എഫിഷ്യന്റ് ട്രെയിനിംഗ് പ്രോഗ്രാം" എന്ന ഒരു തീവ്രയത്ന പരിശീലന പരിപാടി 2007-ൽ ആവിഷ്കരിക്കുകയും കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകുകയും തുടർന്നും ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തിവരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഉയർന്ന ഇന്ധനക്ഷമതയ്ക്കും അപകടരഹിത ഡ്രൈവിംഗ് രീതികളും ഉൾപ്പെടുത്തി ഒരു "ഹാന്റ് ബുക്ക്" പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ഇത് എല്ലാ ഡ്രൈവർമാർക്കും പരിശീലന വേളയിൽ നൽകുന്നുണ്ട്.

പുതുതായി നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് നാല് ദിവസത്തെ പ്രാഥമിക പരിശീലനം നൽകിയാണ് നിയമിക്കുന്നത്. ഇതിൽ അപകടരഹിതമായി വാഹനം ഓടിക്കുവാനും മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കാനുമുള്ള ഡിഫൻസീവ് ഡ്രൈവിംഗ് രീതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പൊതുജനങ്ങളോടുള്ള പെരുമാറ്റ രീതികൾ, ലഹരിവസ്തുക്കളുടെ ഉപഭോഗംമൂലമുള്ള ദുഷ്യഫലങ്ങൾ എന്നിവയെക്കുറിച്ച് അതാത് വിഷയങ്ങളിൽ വിദഗ്ദ്ധരായ പരിശീലകരെ ഉൾപ്പെടുത്തിയാണ് പരിശീലനം നൽകുന്നത്.

അപകടത്തിൽപ്പെട്ട ഡ്രൈവർമാർക്ക് അഞ്ചുദിവസത്തിൽ കുറയാത്ത തിരുത്തൽ പരിശീലനം നൽകിയശേഷംമാത്രമേ തുടർന്ന് ഡ്യൂട്ടിക്കു നിയോഗിക്കാറുള്ളു. ഇതിൽ മാനസിക പിരിമുറുക്കം കുറയ്ക്കുവാനുള്ള പരിശീലനവും മെഡിക്കൽ ടെസ്റ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയതുകൊണ്ട് 2005-ൽ 1 ലക്ഷം കിലോ മീറ്ററിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടുണ്ടായ അപകടനിരക്ക് 0.36 എന്നത് ഇപ്പോൾ 0.18 ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഡ്രൈവർമാർക്ക് വിദഗ്ദ്ധ പിരശീലനം നൽകിയതുവഴിയാണ് ഇത്തരത്തിൽ അപകടനിരക്ക് കുറയ്ക്കുവാൻ സാധിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly